പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ : 420

20.7.2015 ലെ മറുപടിയ്ക്ക്

അദ്ധ്യാപക പാക്കേജ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. ബി. സത്യൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) അദ്ധ്യാപക പാക്കേജിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ; | (എ) 01/10/11 ലെ ജി.ഒ(പി) 199/11/ പൊവിവ പ്രകാരം അംഗീകരിച്ച അധ്യാപകപാക്കേജ് 15.1.2015 ലെ WP(C)30107/13 നമ്പർ മുതലായ കേസുകളിലെ വിധിന്യായത്തിലൂടെ ബഹു.ഹൈക്കോടതി റദ്ദുചെയ്തിട്ടുണ്ട്. ഇതിനെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീൽ പരിഗണിച്ച് ഇടക്കാല സ്റ്റേ അനുവദിച്ചിട്ടുണ്ട്. കെ.ഇ.ആർ ചട്ടങ്ങൾക്ക വിധേയമായല്ലാതെ ഒരുത്തരവും നടപ്പാക്കുവാൻ പാടില്ല എന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ തസ്തികനിർണ്ണയം,സംരക്ഷണം എന്നിവ സംബന്ധിച്ച പുതിയ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നകാര്യം സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) അദ്ധ്യാപക പാക്കേജ് ഏത് രൂപത്തിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) 1.10.2011 ലെ ജി.ഒ(പി) 199/11/ പൊവിവ പ്രകാരമുള്ള അധ്യാപക പാക്കേജ് പിൻവലിക്കാനും 2015 - 16 മുതൽ തസ്തികനിർണ്ണയം 1:45 ൽ നടത്തുവാനും അധികമാകുന്ന എയ്ഡഡ് അധ്യാപകർക്കും അധ്യാപക ബാങ്കിലുൾപ്പെട്ടവർക്കും സംരക്ഷണം നൽകുവാനുമാണ് ഉദ്ദേശിക്കുന്നത്. |
| (സി) ഇതു സംബന്ധിച്ച് സ്കൂൾ മാനേജർമാരും അദ്ധ്യാപകരുമായി ചർച്ച നടത്തുകയുണ്ടായോ ; വിശദാംശം ലഭ്യമാക്കാമോ ; | (സി) മാനേജ്മെന്റുകളുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. 2015 മുതൽ 1:30/1:35 അനുപാതത്തിൽ ഡിവിഷനുകൾ അനുവദിക്കണമെന്ന |

| | | | |
|---|---|---|---|
| | സർക്കാർ അംഗീകരിച്ച മാനേജ്മെന്റുകളുടെ ആവശ്യങ്ങൾ ഏതെല്ലാം ; | | ആവശ്യമാണ് പൊതുവിൽ ഉന്നയിക്ക പ്പെട്ടത്. എന്നാൽ കെ.ഇ.ആർ പ്രകാരമല്ലാതെ ഒരുത്തരവും നടപ്പിലാക്കരുതെന്ന കോടതിവിധി കണക്കിലെടുത്തും വിദ്യാഭ്യാസ അവകാശനിയമത്തിൽ പരാമർശിക്കുന്നത് സ്കൂൾ തലത്തിലുള്ള 1:30/1:35 അനുപാതമാണ് എന്നതിനാലും ടി അനുപാതം ക്ലാസ് തലത്തിൽ നടപ്പിലാക്കിയാലുള്ള വൻ സാമ്പത്തിക ബാധ്യത കണക്കിലെ ടുത്തും കെ.ഇ.ആർ പ്രകാരമുള്ള 1:45 അനുപാതം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ 2011-12 മുതൽ 2014-15 വരെ നിയമിക്കപ്പെട്ട റഗുലർ അധ്യാപകരെ 1:30/1:35 അനുപാതത്തിന്റെ ആനുകൂല്യം നൽകി അംഗീകരിക്കാനും സംരക്ഷണം നൽകാനും തീരുമാനി ച്ചിട്ടുണ്ട്. |
| (ഡി) | ഫിക്സേഷന്റെ ഫലമായി പുറത്താകുന്ന അദ്ധ്യാപകരുടെ എണ്ണമെത്രയാണ് ; ഇവരെ എങ്ങനെ സംരക്ഷിക്കാമെന്നാണ് കരുതുന്നത് ; | (ഡി) | ഫിക്സേഷനുശേഷം മാത്രമേ പുറത്താകുന്നവരുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്താനാവുകയുള്ളൂ. 2014-15 വരെ നിയമിക്കപ്പെട്ട റഗുലർ അധ്യാപകരെയെല്ലാം സംരക്ഷിക്കു വാനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടുണ്ടോ; പാക്കേജ് നടപ്പാക്കാനുള്ള നടപടി വൈകുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ ? | (ഇ) | 2015-16 മുതൽ 1:45 അനുപാതം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2011-12 മുതൽ 2014-15 വരെ നിയമിക്കപ്പെട്ട റഗുലർ അധ്യാപകരെ 1:30/1:35 അനുപാതത്തിൽ അംഗീകരിച്ച് സംരക്ഷണം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. അധ്യാപകപാക്കേജ് പിൻവലിച്ചുകൊണ്ടും തസ്തികനിർണ്ണയവും സംരക്ഷണവുമുൾപ്പെടുന്ന പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള ഭരണനടപടി ദ്രുതഗതിയിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ